**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1325** **07-02-2023 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖല പുനരുജ്ജീവിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ എം മുകേഷ് ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് വ്യാപനത്തിൽ തകർന്ന വിനോദസഞ്ചാര മേഖലയെ പുനരുജ്ജീവിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഈ സാമ്പത്തിക വർഷം നാളിതുവരെ സംസ്ഥാനത്ത് എത്ര ആഭ്യന്തര, വിദേശ വിനോദസഞ്ചാരികൾ എത്തി എന്നതിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ; | (എ) | കോവിഡ് മഹാമാരി വിനോദസഞ്ചാര മേഖലയെ ഗുരുതരമായിട്ടാണ് ബാധിച്ചത്. എന്നാൽ സർക്കാർ നടപ്പാക്കിയ ആസൂത്രിതമായ പ്രവർത്തനങ്ങളുടെ ഫലമായി വിനോദസഞ്ചാര മേഖലയിലെ പ്രയാസങ്ങളെ അതിജീവിച്ച് വളർച്ചയുടെ പാതയിലേക്ക് തിരികെയെത്തിക്കാൻ കഴിഞ്ഞു. 2021 ൽ 75,37,617 ആഭ്യന്തര വിനോദസഞ്ചാരികളും 60,487 വിദേശ വിനോദസഞ്ചാരികളും കേരളം സന്ദർശിച്ച സ്ഥാനത്ത് 2022ൽ യഥാക്രമം 1,88,67,414 ആഭ്യന്തര വിനോദസഞ്ചാരികളും 3,45,549 വിദേശ വിനോദ സഞ്ചാരികളും കേരളം സന്ദർശിച്ചു. ഈ സാമ്പത്തിക വർഷം നാളിതുവരെ (2022 ഏപ്രിൽ മുതൽ 2022 ഡിസംബർ വരെ) സംസ്ഥാനത്ത് എത്തിയ ആഭ്യന്തര, വിദേശ വിനോദസഞ്ചാരികളുടെ എണ്ണം അനുബന്ധം (I ഉം II ഉം) ആയി യഥാക്രമം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | സംസ്ഥാനത്തിന്റെ ജനകീയ വിനോദസഞ്ചാര പ്രവർത്തനങ്ങൾക്ക് അന്താരാഷ്ട്ര തലത്തിൽ നിരവധി അംഗീകാരം ലഭിച്ച സാഹചര്യത്തിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതി കൂടുതൽ വിപുലീകരിക്കാൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുവാനും കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനുമായി നിലവിലെ ഉത്തരവാദിത്ത ടൂറിസം മിഷനെ ഒരു സ്വതന്ത്ര സംവിധാനം (Responsible Mission Society) ആക്കി മാറ്റുന്നതിന് സർക്കാർ തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്. ഘട്ടം ഘട്ടമായി കേരളത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കും ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ലോകത്തിനു തന്നെ മാതൃകയായ കേരളത്തിലെ ഉത്തരവാദിത്ത |

| | | | |
|---|---|---|---|
| | | | ടൂറിസം പ്രവർത്തനങ്ങളിലേക്ക് കൂടുതൽ ആഗോള ശ്രദ്ധ ആകർഷിക്കുന്നതിനും അതിലൂടെ സംസ്ഥാനം വിനോദസഞ്ചാര രംഗത്ത് മുന്നേറ്റങ്ങൾ സൃഷ്ടിക്കുന്നതിനുമായി ആദ്യത്തെ ഉത്തരവാദിത്ത ടൂറിസം ആഗോള ഉച്ചകോടി 2023 ഫെബ്രുവരി 25 മുതൽ 28 വരെ കേരളത്തിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | വിനോദസഞ്ചാര മേഖലയിൽ വിവിധ സംരംഭങ്ങൾ ആരംഭിക്കാൻ പരിശീലനം, മാർക്കറ്റിംഗ്, മറ്റ് പിന്തുണ സംവിധാനങ്ങൾ എന്നിവ നൽകി സാധാരണക്കാരിലേക്ക് വിനോദസഞ്ചാരത്തിന്റെ സദ്ഫലങ്ങൾ ലഭ്യമാക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം സൊസൈറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇത്തരത്തിൽ സൊസൈറ്റി രൂപീകരിക്കുന്നതുവഴി ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (സി) | 13/01/2023 ലെ സ.ഉ.(കൈ) നം. 2/2023/TSM ഉത്തരവ് പ്രകാരം ഉത്തരവാദിത്ത ടൂറിസം സൊസൈറ്റി രൂപീകരിക്കാൻ ഉത്തരവായിട്ടുണ്ട്.<br><br>ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിയായി മാറുന്നതോടെ വിനോദസഞ്ചാര വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു പ്രത്യേക സ്ഥാപനമായി മാറും. സ്വതന്ത്ര സ്വഭാവത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമായി മാറുന്നതോടെ കൂടുതൽ പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കുവാനും യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം ഉൾപ്പെടെ നൽകികൊണ്ട് പ്രവർത്തനങ്ങളെ ഉയർത്തികൊണ്ടു വരുവാൻ സാധിക്കും. ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി ആകുന്നതോടെ പ്രാദേശിക ജനങ്ങൾക്കുണ്ടാകുന്ന പ്രധാന ഗുണങ്ങൾ ചുവടെ ചേർക്കുന്നു :<br><br>ഇതുവരെ സർക്കാർ ഫണ്ട് മാത്രം പ്രയോജനപ്പെടുത്തികൊണ്ടാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ട് പോയിരുന്നത്. എന്നാൽ സൊസൈറ്റിയായി മാറുന്നതോടെ മറ്റു ഏജൻസികൾ, സർക്കാർ/ സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവയുടെയെല്ലാം സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കുവാൻ സാധിക്കും.<br><br>മറ്റു പ്രദേശങ്ങളിൽ നിലവിലുള്ള മാതൃകാപരവും, അനുകരണീയവുമായ പ്രവർത്തനങ്ങൾ കണ്ടു മനസിലാക്കുന്നതിനും, പ്രാവർത്തികമാക്കുന്നതിനും കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാമുകൾ പോലുള്ളവ നടപ്പിലാക്കുവാൻ മറ്റു പ്രദേശങ്ങളുമായി സഹകരിച്ചു പ്രവർത്തിക്കുവാൻ സാധിക്കും. ഇതു സാധാരണക്കാരായ ജനങ്ങളുടെ വിനോദസഞ്ചാര രംഗത്തുള്ള ഇടപെടലുകൾക്ക് കൂടുതൽ സാധ്യത തുറന്നു കൊടുക്കുകയും പ്രവർത്തനങ്ങൾക്ക് കൂടുതൽ ഗുണമേന്മ, വേഗത, വൈവിധ്യം എന്നിവ കൈവരിക്കുവാൻ സഹായകരവുമായിരിക്കും. |

ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി ആയി മാറുന്നതോടെ നിലവിലെ യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം നൽകുവാനും, യൂണിറ്റുകൾ ആരംഭിക്കുന്നതിനും, പ്രവർത്തന ക്ഷമമാക്കുന്നതിനും സാധിക്കും.

മിഷൻ സൊസൈറ്റി ആയി സ്വതന്ത്രമാകുന്നതോടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുവാനും, കൂടുതൽ ആളുകളിലേക്ക് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാനും സാധിക്കും. ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കും പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നത് കൂടുതൽ വേഗത്തിൽ നടപ്പിലാക്കുവാൻ സൊസൈറ്റി നിലവിൽ വരുന്നതോടെ സാധിക്കും.

വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള സി.എസ്.ആർ. ഫണ്ട് സ്വീകരിക്കുവാനും, പ്രത്യേക പദ്ധതികൾ നടപ്പിലാക്കുവാനും അതിലൂടെ കൂടുതൽ ഗുണഭോക്താക്കളിലേക്ക് പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുവാനും സാധിക്കും.

ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി ആയി മാറുന്നതോടെ സൊസൈറ്റിക്കു കീഴിലുള്ള യൂണിറ്റുകളുടെ ഉൽപ്പാദന, സംഭരണ, വിതരണ മേഖല കൂടുതൽ ശക്തിപ്പെടുത്തുന്നതിനും അത് വഴി ടൂറിസത്തിൽ നിന്നുള്ള പ്രാദേശിക വരുമാനം വർദ്ധിപ്പിക്കുവാനും സാധിക്കും.

ടൂറിസം രംഗത്ത് കൂടുതൽ മൈക്രോ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി രൂപീകരണം വഴി സാധിക്കും.

നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന നമ്മുടെ നാടിന്റെ സാംസ്കാരിക തനിമ, പാരമ്പര്യ കലാ രൂപങ്ങൾ, പരമ്പരാഗത ഉപജീവന പ്രവർത്തനങ്ങൾ എന്നിവയെല്ലാം വിനോദസഞ്ചാരത്തിലൂടെ വീണ്ടെടുക്കുകയും നിലനിർത്തുകയും ചെയ്യുക എന്നുള്ളത് ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഒരു പ്രധാന ദൗത്യമാണ്. സൊസൈറ്റി രൂപീകരണത്തിലൂടെ ഈ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ട് ആവശ്യമായ സഹായങ്ങൾ നൽകി ഒരു ശൃംഖല രൂപീകരിക്കുകയും സൊസൈറ്റിക്കു കീഴിൽ പ്രവർത്തിപ്പിക്കുവാനും സാധിക്കും.

ടൂറിസം രംഗത്തുള്ള അസംഘടിതരായ പ്രാദേശിക ജനങ്ങൾക്ക് ഉത്തരവാദിത്ത ടൂറിസം സൊസൈറ്റിയുടെ കീഴിൽ യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുന്നതോടെ ഒരു സംഘടിത സ്വഭാവം

| | | | |
|---|---|---|---|
| | | | കൈവരുകയും കൂട്ടായ്മയിൽ പ്രവർത്തിക്കുവാൻ സാധിക്കുകയും ചെയ്യും.<br><br>പാരിസ്ഥിതിക സംരക്ഷണം ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ/ പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഏറ്റെടുത്തു നടത്തുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിക്കു സാധിക്കുമെന്നതിനാൽ പ്രാദേശികമായി തൊഴിൽ സാദ്ധ്യതകൾ വർദ്ധിക്കുന്നതിനും ഇടയാക്കും.<br><br>ടൂറിസം രംഗത്ത് പ്രവർത്തിക്കുന്നതും, എന്നാൽ യാതൊരു വിധ ലൈസൻസോ അനുമതിയോ ഇല്ലാതെ പ്രവർത്തിക്കുന്ന നിരവധി പ്രാദേശിക സംരംഭങ്ങൾക്കെല്ലാം ഒരു സ്റ്റാന്റൈഡൈസേഷൻ ഏർപ്പെടുത്തികൊണ്ട് അനുമതി ലഭ്യമാക്കുവാൻ ഉത്തരവാദിത്ത ടൂറിസം സൊസൈറ്റിക്കു സാധിക്കും.<br><br>നിലവിൽ രൂപപ്പെടുത്തിയെടുത്ത വിവിധ പ്രവർത്തന മാതൃകകൾ സംസ്ഥാന വ്യാപകമായി നടപ്പിലാക്കുവാനും പദ്ധതി പ്രവർത്തനങ്ങൾ സുസ്ഥിരമായി മുന്നോട്ടുകൊണ്ടു പോകുവാനും കഴിയും.<br><br>പ്രാദേശിക തൊഴിൽ വർദ്ധിപ്പിക്കുന്നതിനായി, ടൂറിസം ഇൻഡസ്ട്രിക്ക് ആവശ്യമായ ഉൽപ്പന്ന, സേവന മേഖലകളിൽ പ്രദേശവാസികൾക്ക് ആവശ്യമായ പരിശീലനം നൽകുകയും പരിശീലനം പൂർത്തിയാക്കുന്ന മുറക്ക് ടൂറിസം ഇൻഡസ്ട്രിയുമായി ലിങ്ക് ചെയ്തു തൊഴിൽ ലഭ്യമാക്കുകയും ചെയ്യുന്ന തരത്തിൽ പ്രവർത്തനങ്ങൾ ക്രമീകരിക്കുവാൻ ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിക്കു സാധിക്കും.<br><br>ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ ഏറ്റവും കുറഞ്ഞത് 5 ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റ് എന്ന നിലയിൽ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു കൊണ്ട് സംസ്ഥാനത്തിന്റെ എല്ലാ പ്രദേശത്തും ടൂറിസത്തിന് ഒരു കോണ്ടാക്റ്റ് പോയിൻറ് ഉണ്ടാക്കിയെടുക്കുവാൻ ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി വഴി ലക്ഷ്യമിടുന്നു.<br><br>ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി യൂണിറ്റുകളുടെ ഉൽപ്പന്ന സേവനങ്ങൾ ലഭ്യമാക്കുന്നതിനു ഒരു കേന്ദ്രീകൃത പേയ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നത് വഴി യൂണിറ്റുകൾക്ക് പേയ്മെന്റ് തുക ലഭിക്കാത്ത സാഹചര്യം ഒഴിവായി കിട്ടും |

സെക്ഷൻ ഓഫീസർ

17

അനുബന്ധം - I

## District-wise Statistics of Domestic Tourists 2022-23(Financial year )

| Sl No | Districts | APR | MAY | JUN | JUL | AUG | SEP | OCT | NOV | DEC | Total |
|---|---|---|---|---|---|---|---|---|---|---|---|
| 1 | Alappuzha | 71788 | 81104 | 66020 | 52787 | 58793 | 60101 | 66416 | 61401 | 77622 | 596032 |
| 2 | Ernakulam | 345313 | 398816 | 344892 | 317152 | 335971 | 340391 | 359032 | 364657 | 431029 | 3237253 |
| 3 | Idukki | 218318 | 275217 | 211150 | 177325 | 179826 | 211493 | 285824 | 257973 | 327657 | 2144783 |
| 4 | Kannur | 73670 | 85884 | 70939 | 62230 | 60865 | 65396 | 73038 | 65878 | 77400 | 635300 |
| 5 | Kasaragod | 23733 | 27791 | 25213 | 21241 | 22934 | 23207 | 23520 | 22387 | 25861 | 215887 |
| 6 | Kollam | 31651 | 39101 | 34624 | 34216 | 34117 | 35203 | 36758 | 38563 | 43890 | 328123 |
| 7 | Kottayam | 40331 | 43649 | 38207 | 37463 | 38002 | 35324 | 41098 | 39246 | 48977 | 362297 |
| 8 | Kozhikode | 104678 | 122516 | 109750 | 95861 | 100643 | 101925 | 106937 | 101409 | 113408 | 957127 |
| 9 | Malappuram | 42102 | 63770 | 53106 | 56770 | 59788 | 57136 | 58419 | 55836 | 61392 | 508319 |
| 10 | Palakkad | 39174 | 45304 | 40276 | 36711 | 38053 | 39606 | 40586 | 39390 | 44796 | 363896 |
| 11 | Pathanamthitta | 29911 | 25236 | 24370 | 19925 | 22252 | 27363 | 26682 | 46830 | 71836 | 294405 |
| 12 | TVM | 256510 | 305369 | 264753 | 226437 | 234853 | 258114 | 281437 | 280627 | 349825 | 2457925 |
| 13 | Thrissur | 218660 | 237324 | 178929 | 168478 | 170436 | 175632 | 202834 | 192229 | 227346 | 1772368 |
| 14 | Wayanad | 115295 | 159536 | 116799 | 125711 | 124109 | 141403 | 136705 | 116206 | 163121 | 1198885 |
| **Total Arrival** | | **1611134** | **1910617** | **1579028** | **1432307** | **1480642** | **1572294** | **1739286** | **1682632** | **2064660** | **15072600** |

19

അനുബന്ധം - II

## District-wise Statistics of Foreign Tourists 2022-23(Financial year)

| Sl. No. | Districts | APR | MAY | JUN | JUL | AUG | SEP | OCT | NOV | DEC | Total |
|---|---|---|---|---|---|---|---|---|---|---|---|
| 1 | Alappuzha | 603 | 512 | 223 | 738 | 1413 | 714 | 1422 | 2067 | 3051 | 10743 |
| 2 | Ernakulam | 10825 | 12704 | 14157 | 18287 | 21253 | 16638 | 17623 | 19685 | 27941 | 159113 |
| 3 | Idukki | 739 | 749 | 1056 | 2482 | 3903 | 2407 | 3632 | 5030 | 5968 | 25966 |
| 4 | Kannur | 29 | 31 | 35 | 49 | 112 | 132 | 173 | 233 | 301 | 1095 |
| 5 | Kasaragod | 28 | 33 | 24 | 26 | 26 | 22 | 60 | 86 | 81 | 386 |
| 6 | Kollam | 18 | 26 | 26 | 30 | 92 | 91 | 221 | 340 | 369 | 1213 |
| 7 | Kottayam | 492 | 227 | 224 | 848 | 1126 | 1229 | 1457 | 981 | 2770 | 9354 |
| 8 | Kozhikode | 411 | 824 | 619 | 1536 | 1637 | 1344 | 854 | 968 | 1391 | 9584 |
| 9 | Malappuram | 173 | 501 | 537 | 828 | 782 | 753 | 760 | 630 | 670 | 5634 |
| 10 | Palakkad | 13 | 41 | 52 | 87 | 75 | 64 | 82 | 83 | 126 | 623 |
| 11 | Pathanamthitta | 26 | 43 | 25 | 44 | 95 | 45 | 21 | 16 | 144 | 459 |
| 12 | Thiruvananthapuram | 4280 | 5287 | 5511 | 6469 | 6806 | 6083 | 9139 | 11132 | 15857 | 70564 |
| 13 | Thrissur | 211 | 428 | 450 | 905 | 454 | 457 | 642 | 822 | 1116 | 5485 |
| 14 | Wayanad | 41 | 90 | 89 | 456 | 165 | 189 | 175 | 235 | 343 | 1783 |
| | **Total Arrival** | **17889** | **21496** | **23028** | **32785** | **37939** | **30168** | **36261** | **42308** | **60128** | **302002** |